പ്രസിദ്ധീകരണത്തിന്

ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 16.03.2018

# കരാറുകാരുടെ ലൈസൻസ് മാർച്ച് 31 വരെ പണമടയ്ക്കാം: മന്ത്രി ജി.സുധാകരൻ

പൊതുമരാമത്ത് വകുപ്പ് കരാറുകാരുടെ നിലവിലുള്ള ലൈസൻസുകൾ പുതുക്കുന്നതിന് പിഴയോടുകൂടി പണം അടയ്ക്കാനുള്ള കാലാധി മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകാൻ ഉത്തരവ് നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. കരാറുകാരുടെ വിവിധ സംഘടനകൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ദീർഘിപ്പിച്ചു നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ സർക്കാർ ലൈസൻസിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നു തവണയായി 31.02.2017 വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. ഇത്രയൊക്കെ സമയം ലഭിച്ചിട്ടും ഉത്തരവാദിത്വ രഹിതമായി പുതുക്കാൻ ശ്രമിക്കാത്ത കരാറുകാർ യഥാർത്ഥത്തിൽ യോഗ്യതയുള്ള കരാറുകാരല്ലയെന്നു മനസ്സിലാക്കേണ്ടി വരും. അത്തരക്കാർ പ്രവൃത്തികൾ ഉത്തരവാദിത്വത്തോടെ നിർവ്വഹണം നടത്തുമോയെന്ന കാര്യവും സംശയകരമാണ്. എങ്കിലും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരിൽ നിന്നും സംഘടനകളിൽ നിന്നും തുടർച്ചയായി ഉണ്ടായ ആവശ്യപ്രകാരം പിഴയോടു കൂടി ഫീസടയ്ക്കാൻ മാർച് 31 വരെ പ്രത്യേക കേസായി ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചതെന്ന് മന്ത്രി അറിയിച്ചു.

നിലവിൽ അംഗീകാരമുള്ള ലൈസൻസ് ഉള്ളവർക്ക് മാത്രമാണ് ഈ സൗകര്യം ലഭിക്കുന്നത്. പുതുക്കുന്നതിനുള്ള മറ്റു വ്യവസ്ഥകളിൽ മാറ്റമില്ല. ഈ ആനുകൂല്യം തുടർ വർഷങ്ങളിൽ ലഭ്യമാകില്ലെന്നും അറിയിച്ചിട്ടുണ്ട്. ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ പുതുക്കാനാവാത്തവർ യാതൊരു കാരണവശാലും സർക്കാർ മരാമത്തു പണികൾക്ക് യോഗ്യരല്ലെന്നും, അത്തരക്കാരെ പ്രോത്സാഹിപ്പിക്കാൻ സംഘടനകളും മുന്നോട്ടു വരരുതെന്നും വളരെ ലാഘവത്തോടെ കാണേണ്ട ഒന്നല്ല കരാർ നിയമവും കരാർ തൊഴിലുമെന്ന തിരിച്ചറിവ് ഉണ്ടാകണമെന്നും മന്ത്രി ജി.സുധാകരൻ ആവശ്യപ്പെട്ടു.